ജില്ലാ ആസ്ഥാനങ്ങളിലെ മോഷണം തടയാൻ നടപടി

53. [53] ശ്രീ. പിരപ്പൻകോട് മുരളി:

" കെ. രാധാകൃഷ്ണൻ:

" സാജുപോൾ:

" രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളിൽ മോഷണവും പിടിച്ചുപറിയും വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, വർദ്ധിച്ചുവരുന്ന മോഷണം, പിടിച്ചുപറി, അധോലോകസംഘങ്ങളുടെ പ്രവർത്തനം എന്നിവ അമർച്ചചെയ്യുന്നിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ വർദ്ധിച്ചുവരുന്ന മോഷണം തടയുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ മോഷണം തടയുന്നതിന് കള്ളൻമാരെ കണ്ടാലുടൻ വെടിവെയ്ക്കാൻ സിറ്റി പോലീസ് കമ്മീഷണർ പോലീസിന് നിർദ്ദേശം നൽകിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളിൽ മോഷണവും പിടിച്ചുപറിയും വ്യാപകമായി വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ജില്ലാ ആസ്ഥാനങ്ങളിൽ നേരിയതോതിൽ വർദ്ധനവുണ്ട്.

(ബി) ശക്തമായ പോലീസ് പട്രോളിംഗ് നടത്തിയും മുൻപ് ശിക്ഷ ലഭിച്ചവരുടെയും മറ്റ് സംശയം ഉള്ള വ്യക്തികളുടെയും പ്രവർത്തനങ്ങൾ നിരീക്ഷിച്ചും പൊതുജനങ്ങളെ ബോധവൽക്കരിച്ചും റസിഡൻസ് അസോസിയേഷനുകളുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും മറ്റും സഹകരണത്തോടെ നൈറ്റ് പട്രോളിംഗ് ഊർജ്ജിതപ്പെടുത്തിയും അപരിചിതരായ ആൾക്കാരെ അസമയത്തു കണ്ടാൽ ഉടനെ വിവരം പോലീസിൽ അറിയിക്കുന്നതിലേക്ക് ജനങ്ങളെ പ്രത്യേകമായി ചട്ടംകെട്ടിയും മോട്ടോർ സൈക്കിൾ ബീറ്റ്, രാത്രി കാലങ്ങളിൽ കർശന വാഹന പരിശോധന എന്നിവ നടത്തിയും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യുന്നതിനായി തിരുവനന്തപുരം നഗരത്തിലെ എല്ലാ പോലീസ് സ്റ്റേഷൻ അതിർത്തികളിലും രാത്രി പകൽ ഭേദമന്യേ കൂടുതൽ പോലീസിനെ വിന്യസിച്ച് പോലീസ് പട്രോളിംഗ് ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. പോലീസ് പട്രോളിംഗ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും അസിസ്റ്റന്റ് പോലീസ് കമ്മീഷണർമാരും പോലീസ് കമ്മീഷണറും ഇത്തരം പ്രദേശങ്ങളിൽ റോന്തുചുറ്റി പ്രത്യേക നിരീക്ഷണം നടത്തിവരുന്നു. ഇത്തരം കുറ്റകൃത്യങ്ങളിൽ സഹിതമായി ഏർപ്പെടുന്നവരെ പോലീസിന്റെ പ്രത്യേക നിരീക്ഷണത്തിൽവയ്ക്കുകയും ഇക്കാര്യത്തിൽ പോലീസിന് വിവരം നൽകാൻ ബന്ധപ്പെട്ട റസിഡൻഷ്യൽ അസോസിയേഷൻ ഭാരവാഹികളോടും മറ്റ് സന്നദ്ധ സംഘടനകളോടും ആവശ്യപ്പെട്ടിട്ടുള്ളതും അവരുടെ കൂടെ സഹകരണത്താൽ സജീവമായി പോലീസ് നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

(ഡി) മോഷണം തടയുന്നതിന് കള്ളൻമാരെ കണ്ടാലുടൻ വെടിവെക്കാൻ നിർദ്ദേശം നൽകിയിട്ടില്ല. രാത്രി കാലങ്ങളിൽ പട്രോളിംഗ് ഡ്യൂട്ടിയിലുള്ള പോലീസ് ഉദ്യോഗസ്ഥൻമാർ അവർക്ക് അനുവദിച്ചിട്ടുള്ള ആയുധങ്ങൾ കൈവശം വയ്ക്കണമെന്ന നിർദ്ദേശം മാത്രമാണ് നൽകിയിട്ടുള്ളത്.

മോഷണങ്ങൾ സംബന്ധിച്ച വിശദാംശം

54. [54] ശ്രീ. വി. കെ. ചന്ദ്രൻ:

,, എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 5 വരെ സംസ്ഥാനത്ത് എത്ര മോഷണങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇവയിൽ കച്ചവട സ്ഥാപനങ്ങൾ, വീടുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, ബാങ്കുകൾ, സർക്കാർ സ്ഥാപനങ്ങൾ, എന്നിവയുടെ എണ്ണവും തുകയും വേർതിരിച്ച് വ്യക്തമാക്കുമോ;

(സി) എത്ര മോഷണങ്ങളിൽ തൊണ്ടി, മുതൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly